പത്രക്കുറിപ്പ്
28-9-2018

# 'അതിജീവനത്തിന്റെ പാതയിൽ' നവകേരള സൃഷ്ടിക്കായി സന്ദേശമുയർത്തി കുടുംബശ്രീയുടെ തെരുവുനാടകം

തിരുവനന്തപുരം: പ്രളയദുരന്തത്തിൽ തകർന്ന കേരളത്തിന്റെ പുന:സൃഷ്ടിക്കായി നാടെങ്ങും സന്ദേശമുയർത്തി കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ കലാകാരികൾ. ഇതോടൊപ്പം പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണത്തിനും വേണ്ടി സർക്കാരിന്റെ വിഭവസമാഹരണം ഊർജിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ പുറത്തിറക്കിയിട്ടുള്ള നവകേരളം ലോട്ടറിയുടെ വിൽപനയ്ക്ക് കൂടുതൽ പ്രചാരം ലഭ്യമാക്കുക എന്നതു കൂടി ലക്ഷ്യമിട്ടാണ് രംഗശ്രീ കലാകാരികളുടെ നാടകം. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സാമ്പത്തിക സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

പ്രളയത്തിൽ തകർന്നടിഞ്ഞ കേരളജനത ഒറ്റക്കെട്ടായി നിന്നുകൊണ്ട് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പുതിയൊരു കേരളം കെട്ടിപ്പടുക്കുന്നതും ജനങ്ങൾ സാഹോദര്യത്തോടും സന്തോഷത്തോടും പുതിയൊരു കാലത്തെ വരവേൽക്കുന്നതുമാണ് 'അതിജീവനത്തിന്റെ പാതയിൽ' എന്നു പേരിട്ടിരിക്കുന്ന തെരുവുനാടകത്തിന്റെ പ്രമേയം. അടിസ്ഥാന സൗകര്യങ്ങൾ വീണ്ടെടുക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവുമെല്ലാം നാടകത്തിൽ ഊന്നി പറയുന്നു. കൂടാതെ പ്രളയകാലത്ത് ജാതിമതഭേദങ്ങളും സാമ്പത്തികവുമായ അന്തരങ്ങളും മറന്ന് ജനങ്ങൾ പരസ്പരം സഹായിച്ചുകൊണ്ട് രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതും അവരൊരുമിച്ച് സമൂഹനൻമയ്ക്കായി നിലകൊള്ളുന്നതും നാടകത്തിൽ അവതരിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എട്ടു കേന്ദ്രങ്ങളിൽ രംഗശ്രീയുടെ നേതൃത്വത്തിൽ കലാപരിപാടി അവതരിപ്പിക്കുന്നുണ്ട്. ഒക്ടോബർ രണ്ടു വരെയാണ് അവതരണം. തൊണ്ണൂറോളം കുടുംബശ്രീ വനിതകളാണ് വിവിധ ജില്ലകളിലായി അരങ്ങേറുന്ന തെരുവുനാടകത്തിൽ അഭിനയിക്കുന്ന കലാകാരികൾ. അയൽക്കൂട്ട വനിതകളിൽ നിന്നും ഏറ്റവും മികച്ച കലാകാരികളെ തിരഞ്ഞെടുത്ത് ഈ മേഖലയിൽ പ്രശസ്തരായ വ്യക്തികളുടെ കീഴിൽ പരിശീലനം നൽകിയാണ് രംഗശ്രീ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്. 'അതിജീവനത്തിന്റെ പാതയിൽ' എന്ന പുതിയ തെരുവു നാടകത്തിന്റെ ആശയവും സ്ക്രിപ്റ്റുമെല്ലാം ഇതിലെ കലാകാരികൾ തന്നെയാണ് നിർവഹിച്ചിട്ടുള്ളത്. നാടക

സംവിധായകനായ പ്രമോദ് പയ്യന്നൂരിന്റെ സാങ്കേതിക സഹായവും ലഭിച്ചിരുന്നു. കോട്ടയം, എറണാകുളം, തൃശൂർ, കാസർകോട്, കോഴിക്കോട്, ഇടുക്കി ജില്ലകളിൽ നാടകം അവതരിപ്പിച്ചു. മറ്റ് ജില്ലകളിൽ നാടകം അവതരിപ്പിച്ചു വരികയാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ
**കുടുംബശ്രീ**